II ഇ.ബി. XIV-കേരള നിയമസഭ /II-13

# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ഒക്ടോബർ 25, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

38 (*481) വാണിജ്യ നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടി

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, 2015-16 സാമ്പത്തിക വർഷം പ്രതീക്ഷിച്ച നികുതി വരുമാനത്തേക്കാൾ 19.39 ശതമാനം നികുതി വർദ്ധനവാണ് 2016-17 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നതെന്നും വാണിജ്യ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനും നികുതി ഉപദേശക സേവന യൂണിറ്റ് ആരംഭിക്കുന്നതിനും വാറ്റ് കൺസൾട്ടേറ്റീവ് കമ്മിറ്റി പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും അനുമാന

നികുതിദായകർക്കും കെ.ജി.എസ്.റ്റി. കുടിശ്ശികയുള്ളവർക്കും ആംനസ്റ്റി പദ്ധതി നടപ്പിലാക്കുമെന്നും സഭയെ അറിയിച്ചു. വാണിജ്യ നികുതി വകുപ്പിൽ സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനും കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനും ചെക്ക്പോസ്റ്റുകളെ ആധുനിക ഡാറ്റാ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിനും കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനും നികുതി ചോർച്ച തടയുന്നതിനും റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്മെന്റ് എന്നിവ കാര്യക്ഷമമാക്കുന്നതിനും ഉപഭോക്താക്കൾ ബിൽ ചോദിച്ചു വാങ്ങുന്നതിനെ പ്രോൽസാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കും. കമ്പ്യൂട്ടർ ബില്ലിംഗുള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം അപ്‌ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു. രജിസ്ട്രേഷൻ വകുപ്പിൽ 1986 മുതൽ 2010 വരെയുള്ള അണ്ടർ വാല്യുവേഷൻ കേസുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. വിലയാധാരങ്ങളുടെ മുദ്രനിരക്ക് 8 ശതമാനമായും കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ മുദ്രപത്രനിരക്ക് 3

ശതമാനമായും വർദ്ധിപ്പിക്കുകയും ടി ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് പരമാവധി 25,000/- രൂപ എന്ന പരിധി ഒഴിവാക്കി ഒരു ശതമാനമാക്കി നിലനിർത്തുകയും ചെയ്തു. ലാന്റ് റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 01.08.2016 മുതൽ താലൂക്ക്-ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിൽ അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി എൻഫോഴ്സ്മെന്റും എക്സൈസ് ചെക്ക്പോസ്റ്റുകൾ, ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ എന്നിവയുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള നോൺ ട്രാൻസ്പോർട്ട്, ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 'ഗ്രീൻ ടാക്സ്' ചുമത്തുന്നതിനും അധിക നികുതി സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നതായി മന്ത്രി വ്യക്തമാക്കി. ജി.എസ്.റ്റി.യിൽ നികുതി നിരക്ക് ഘടന സംബന്ധിച്ച ചർച്ചകൾ പുരോഗമിക്കുകയാണെന്നും ജി.എസ്.റ്റി. വരുന്നതോടുകൂടി വാണിജ്യ

നികുതി വകുപ്പിന്റെ ഘടനയിൽ മാറ്റം വേണ്ടിവരുമെന്നും 1 ½ കോടി രൂപയ്ക്കുതാഴെ ടേൺ ഓവറുള്ള സർവ്വീസ്/ചരക്ക് നികുതി സംസ്ഥാനം പിരിച്ച് കേന്ദ്രഗവൺമെന്റിന് നൽകാനും 1 ½ കോടി രൂപയേക്കാൾ കൂടുതൽ ടേൺ ഓവർ ഉള്ള ഡീലേഴ്സിന്റെ നികുതി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി പിരിക്കുന്ന രീതിയാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

39 (*482) <u>കെ.റ്റി.ഡി.സി.യുടെ പദ്ധതികൾ</u>

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) നൽകിയ മറുപടിയിൽ, കാസർഗോഡ് ബേക്കൽ ബീച്ച് ക്യാമ്പ് റിസോർട്ടിൽ നിർമ്മിക്കാൻ ഉദ്ദേശിച്ച 30 കോട്ടേജുകളിൽ 6 എണ്ണം പൂർത്തിയാക്കുകയും 24 എണ്ണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായും മുഴപ്പിലങ്ങാട്, കോഴിക്കോട് എന്നിവിടങ്ങളിൽ 3 സ്റ്റാർ ഹോട്ടലുകൾ, മൂന്നാറിൽ 5 സ്റ്റാർ ഹോട്ടൽ, പൊന്മുടിയിൽ 15 പുതിയ കോട്ടേജുകൾ എന്നിവ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. ടാമറിന്റ് ഹോട്ടലുകളും മോട്ടലുകളും തൃപ്തികരമായാണ് പ്രവർത്തിച്ചുവരുന്നതെന്നും ഇവ നവീകരിക്കുന്നതിന് നിലവിൽ തീരുമാനമില്ലെന്നും ബേക്കൽ ബീച്ച് ക്യാമ്പിന്റെ

നിർമ്മാണത്തിൽ ആരോപിക്കപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുമെന്നും ഒബ്റോയ് കേരള ഹോട്ടൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ ഹോട്ടൽ സ്ഥാപിക്കുന്നതിനായി തേക്കടിയിൽ വാങ്ങിയിട്ടുള്ള 10 ഏക്കറോളം സ്ഥലം വിൽക്കാൻ സംയുക്ത സംരംഭത്തിന്റെ ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ടെന്നും സ്ഥലവില വീതിക്കുന്നതിനായുള്ള പ്രൊപ്പോസൽ അനുമതിക്കായി സമർപ്പിച്ചുവെങ്കിലും ആയതിൽ തീരുമാനം എടുത്തിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. കെ.റ്റി.ഡി.സി.യുടെ സ്ഥാപനങ്ങളിലെ മെയിന്റനൻസ് സമയബന്ധിതമായി നടത്തുന്നതിനും ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും അനധികൃത നിയമനങ്ങൾ പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കും. ടൂറിസം ഡെസ്റ്റിനേഷനുകളുടെ ശുചീകരണവുമായി ബന്ധപ്പെട്ട് ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മലബാർ മേഖലയുടെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും ബേക്കലിൽ എയർ സ്ട്രിപ്പ് ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആർക്കിടെക്റ്റുമാരെ എംപാനൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

40 (*483) സഹകരണ മേഖലയിലെ തൊഴിലവസരങ്ങൾ

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സഹകരണ മേഖലയിൽ നന്നായി പ്രവർത്തിക്കുന്ന പ്രാഥമിക സംഘങ്ങളുടെ നേതൃത്വത്തിൽ കാർഷിക, സേവന, ചെറുകിട, വ്യവസായ മേഖലകളിൽ അനുബന്ധ യൂണിറ്റുകൾ ആരംഭിക്കുന്നതുവഴി ഒരു ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുദ്ദേശിക്കുന്നുവെന്ന് സഭയെ അറിയിച്ചു. പ്രാഥമിക സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ പ്രത്യേക പരീക്ഷാ ബോർഡുവഴിയാണെന്നും ജില്ലാ ബാങ്കുകളിലെ ലാസ്റ്റ്ഗ്രേഡ് ഒഴികെയുള്ള നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടിട്ടുണ്ടെന്നും ഡെപ്പോസിറ്റ് കളക്ടർമാരെ സ്ഥിരപ്പെടുത്തുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമെന്നും പുതിയ പേവാർഡുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പുമായി ആലോചിക്കുമെന്നും സഹകരണ സ്പിന്നിംഗ് മില്ലുകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് വ്യവസായ വകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമെന്നും സംസ്ഥാന ബാങ്കിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട വിദഗ്ദ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭാവികാര്യങ്ങൾ തീരുമാനിക്കുമെന്നും ഉപചോദ്യങ്ങൾക്ക്

മറുപടിയായി മന്ത്രി അറിയിച്ചു.

41 (*484) <u>ഉത്തരവാദിത്ത ടൂറിസം പദ്ധതി</u>

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഉത്തരവാദിത്ത ടൂറിസം പദ്ധതി സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നതിനായി 'റെസ്പോൺസിബിൾ ടൂറിസം മിഷൻ' രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണെന്നും കുമരകം, തേക്കടി, വൈത്തിരി, കോവളം ബേക്കൽ, കുമ്പളങ്ങി, അമ്പലവയൽ എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും മുസിരിസ് പദ്ധതി പ്രദേശത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 'ദൈവത്തിന്റെ സ്വന്തം നാട്', 'ജനങ്ങളുടെ സ്വന്തം ടൂറിസം' എന്ന പേരിൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും ആദ്യഘട്ടം എന്ന നിലയിൽ 7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തനം പൂർത്തിയായിവരികയും ചെയ്യുന്നു. പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹോട്ടലുകൾ, ആയുർവ്വേദ റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നിവയ്ക്ക് ക്ലാസ്സിഫിക്കേഷൻ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും ഏറ്റവും നല്ല സർവ്വീസ് നടത്തുന്ന സ്ഥാപനങ്ങളെ

പ്രൊമോട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും നാളിതുവരെ പദ്ധതിയുടെ നടത്തിപ്പിന് പത്ത് അവാർഡുകൾ ലഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. നെല്ലിയാമ്പതി ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ടൂറിസം സർക്യൂട്ടുമായി ബന്ധപ്പെട്ട പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി 'കിഫ്ബി'-യിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4365 മുതൽ 4556 വരെയുള്ള ചോദ്യങ്ങളിൽ 135 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)